# പത്തനംതിട്ട ജില്ല

## തദ്ദേശ അദാലത്ത് - 10/09/2024

| | | |
|---|---|---|
| ഡോക്കറ്റ് നമ്പർ | : | CRPTA10389000009 |
| അപേക്ഷകന്റെ പേര് മേൽവിലാസം | : | ശ്രീമതി. ഏലിയാമ്മ ജോൺ, തടത്തിൽ വെണ്ണിക്കുളം പി a |
| തദ്ദേശസ്ഥാപനത്തിലെ ഫയൽ നമ്പർ | : | |
| അപേക്ഷയുടെ തരം | : | ഗുണഭോക്താവ് മരിച്ചെന്ന തെറ്റായ റിപ്പോർട്ടിനെ തുടർന്ന് തിരിച്ചടച്ച 53300/-രൂപ ഗുണഭോക്താവിന് തിരികെ നൽകണമെന്നതാണ് പരാതി സംബന്ധിച്ച് |

<u>പരാതിയുടെ സംക്ഷിപ്തം:</u>

പുറമറ്റം ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താവ് മരിച്ചെന്ന തെറ്റായ റിപ്പോർട്ടിനെ തുടർന്ന് തിരിച്ചടച്ച 53300/-രൂപ ഗുണഭോക്താവിന് തിരികെ നൽകണമെന്നതാണ് പരാതിപരാതിക്കാസ്പദമായ വിഷയം. തദ്ദേശ അദാലത്തിൽ സമർപ്പിച്ച അപേക്ഷ സ്ഥിരം അദാലത്ത് സമിതിയിൽ തെറ്റായി അപ്ലോഡ് ചെയ്തിട്ടുള്ളതാണ്.

<u>തദ്ദേശസ്വയംഭരണ സ്ഥാപനവും, ഉപജില്ലാസമിതിയും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്:</u>

പുറമറ്റം ഗ്രാമപഞ്ചായത്തിലെ വാർദ്ധക്യ കാല പെൻഷൻ ഗുണഭോക്താവായ ഏലിയാമ്മ ജോൺ, തടത്തിൽ വെണ്ണിക്കുളം പി ഒപെൻഷൻഐ ഡി 103890200483) 10/08/2023 ൽ മരണപ്പെട്ടു എന്നു കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് കണ്ടെത്തുകയും 03/11/2023 ൽ ഓഡിറ്റ് എൻക്വയറി നല്കുകയുമുണ്ടായി. ടി ഗുണഭോക്താവ് മരണപ്പെട്ടതിനാൽ പെൻഷൻ നിർത്തലാക്കണമെന്ന് കാണിച്ച് പഞ്ചായത്ത് സെക്രട്ടറിക്ക് ഓഡിറ്റിൽ നിന്നും അറിയിപ്പ് നൽകിയത് പ്രകാരം പെൻഷൻ സസ്പെൻഡ് ചെയ്യുകയും മരണ ശേഷം അക്കൌണ്ടിൽ ക്രെഡിറ്റായ തുക (എസ് ബി ഐ വെണ്ണിക്കുളം ) തിരിച്ചടക്കാൻ ബാങ്കിന് കത്ത് കൊടുക്കുകയും അക്കൌണ്ടിൽ ഉണ്ടായിരുന്ന 53300/- രൂപ അക്കൌണ്ട് ഹോൾഡർ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് , കേരള സംസ്ഥാന സഹകരണ ബാങ്ക് അക്കൌണ്ടിൽ (A/C NO 110110801000251)ൽ പഞ്ചായത്തിന്റെ പേരിൽ തിരിച്ചടക്കുകയും ചെയ്തു. എന്നാൽ ഓഡിറ്റ് കണ്ടെത്തിയത് തെറ്റാണെന്ന് മനസിലാകുകയും പെൻഷണറായ ഏലിയാമ്മ ജോൺ (പെൻഷൻ ഐ ഡി 103890200483) ജീവിച്ചിരുപ്പുണ്ടെന്ന് മനസിലായി. ടി ഏലിയാമ്മ ജോണിന്റെ പേരുള്ള മറ്റൊരു ഏലിയാമ്മ ജോണിന്റെ മരണം 66/2023 നമ്പറായി പുറമറ്റം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് കണ്ടാണ് പെൻഷൻ ഗുണഭോക്താവായ ഏലിയാമ്മ ജോൺ മരിച്ചെന്ന് ഓഡിറ്റ് കണ്ടെത്തിയത്. തെറ്റ് മനസിലായതിനെ തുടർന്ന് പെൻഷൻ സസ്പെൻഷൻ റീവൊക്ക് ചെയ്തു. ടിയാന് പെൻഷൻ ഇപ്പോൾ ലഭിക്കുന്നുണ്ട്. എന്നാൽ ബാങ്ക് അക്കൌണ്ടിൽ നിന്നും തെറ്റായി പിൻവലിച്ച 53300/- രൂപ ടിയാരിക്ക് തിരികെ നല്കിയിട്ടില്ല. ആയത് നല്കുന്നതിന് സർക്കാർ നടപടി ആവശ്യമാണ്.

**ജില്ലാതല അദാലത്ത് സമിതി തീരുമാനം/ശിപാർശ:**

ബഹു. പ്രിൻസിപ്പൽ ഡയറക്ടർ 26/08/2024 LSGD/PD/2641/2024/SSP3 നമ്പരായി ധനകാര്യ വകുപ്പിന് (ഡി ബി റ്റി സെല്ലിന് ) കത്ത് നൽകിയിട്ടുണ്ട്, നടപടികള് വേഗത്തിലാക്കുന്നതിന് സംസ്ഥാനതല സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

**ജില്ലാതല അദാലത്ത് സമിതി അംഗങ്ങൾ :**

1) രശ്മിമോൾ കെ ജോയിൻറ് ഡയറക്ടർ, [illegible]
2) രാജ്കുമാർ ജി , അസിസ്റ്റൻറ് ഡയറക്ടർ
3) അരുൺ ജി , ജില്ലാ ടൗൺ പ്ലാനർ
4) അനിത എസ് , എക്സിക്യൂട്ടീവ് എഞ്ചിനിയർ, ജില്ലാ പഞ്ചായത്ത്